പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5002 06.02.2014 ൽ മറുപടി പറയേണ്ടിയിരുന്നത്

## വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവരുടെ ഉദ്യോഗ സംവരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാജു | | ബഹു. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) | |
| (എ) | കേരളത്തിലെ വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവർക്ക് അർഹമായ സംവരണം ലഭിക്കുന്നുണ്ടോ ; | (എ) | കേരളത്തിലെ വിശ്വകർമ്മ സമുദായത്തിൽ പ്പെട്ടവർക്ക് ലാസ്റ്റ് ഗ്രേഡ് നിയമനത്തിൽ 2 ശതമാനവും ലാസ്റ്റ് ഗ്രേഡിതര നിയമനത്തിൽ 3 ശതമാനവും സംവരണം അനുവദിച്ചിട്ടുണ്ട്. |
| (ബി) | വിശ്വകർമ്മജരുടെ ജനസംഖ്യ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ; | (ബി) | ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന ജാതി സെൻസസിന്റെ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ വിശ്വകർമ്മജരുടെ ജനസംഖ്യ വ്യക്തമാകുകയുള്ളൂ. |
| (സി) | ജനസംഖ്യാനുപാതികമായി ഉദ്യോഗ സംവരണം ലഭിച്ചിട്ടില്ല എന്ന വിശ്വകർമ്മ സമുദായ നേതാക്കളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ഡി) | സർക്കാർ സർവ്വീസിലെ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ചുള്ള വിവരം ശേഖരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വിവരം ലഭ്യമായ ശേഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനുമായി ആലോചിച്ച് ഇതു സംബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ